# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 502 18.05.2017 -ൽ മറുപടിക്ക്

## വിനോദസഞ്ചാരമേഖലയിലെ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. അബ്ദുൽ ഹമീദ്. പി<br>ശ്രീ. ടി.വി. ഇബ്രാഹിം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി മുൻ സർക്കാരിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | എ) പ്രാദേശിക ഉപഗ്രഹ കണക്ക് പ്രകാരം കേരളത്തിന്റെ മൊത്തം തൊഴിൽ എണ്ണത്തിന്റെ 11.49% വിനോദ സഞ്ചാര മേഖലയുടെ സംഭാവനയാണ്, ഇതു നേരിട്ടുള്ള തൊഴിൽ ലഭ്യതയാണ്. ഇതിനോടൊപ്പം പരോക്ഷ തൊഴിൽ ലഭ്യത കൂടി കണക്കാക്കുമ്പോൾ 23.74% തൊഴിലുകൾ ലഭ്യമായിട്ടുണ്ട്. വിനോദ സഞ്ചാര മേഖല നേരിട്ട് 14 ലക്ഷത്തോളം തൊഴിൽ ലഭ്യമാക്കി യിട്ടുള്ളതായി കണക്കാക്കുന്നു.<br>അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ അടുത്ത 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പി ക്കുന്നതിനും ലക്ഷ്യമിടുന്നു. ഇപ്രകാരം ഈ മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി പ്രാദേശിക തലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോട് കൂടിയുള്ളതാണ്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയിൽ വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ മേഖലയിൽ വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള താണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന വകുപ്പ് നടത്തിയ പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് അനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ് ചെയ്ത ആഹാര പദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്തുങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കര ജല വ്യോമസഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. |

| | |
|---|---|
| ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തമായി സൂക്ഷിക്കുന്നതിന് എന്തെല്ലാം നവീന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | ബി) മാലിന്യ നിയന്ത്രണം, സംസ്കരണം മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്നതാണെങ്കിലും ടൂറിസം പ്രാധാന്യമുള്ള പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചും വകുപ്പ് നേരിട്ടും, സർക്കാരിതര സംഘടനകളുമായി ചേർന്നും മാലിന്യ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന കുടുംബശ്രീയുമായി ചേർന്ന് 86 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ 519-ൽപ്പരം ശുചീകരണ പ്രവർത്തകരെ വിന്യസിച്ച് സ്ഥിരമായി ശുചീകരണം നടത്തി വരുന്നു.<br>പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ടൂറിസം വകുപ്പ് മാലിന്യ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിൽ 8 പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഡി.റ്റി.പി.സി മുഖാന്തിരം സർക്കാരിതര സംഘടനയെ (എക്സ് സർവ്വീസ് മെൻ ട്രസ്റ്റ്) ഉപയോഗപ്പെടുത്തി മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കോവളം ടൂറിസം മേഖലയിലെ സമഗ്രമായ മാലിന്യ നിയന്ത്രണം ലക്ഷ്യമിട്ടുകൊണ്ട് ഈ പ്രദേശത്തെ വീടുകൾ, ഹോട്ടലുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കു കൂടി മാലിന്യ സംസ്കരണ പ്രക്രിയ വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാർ "കമ്മ്യൂണിറ്റി ഡ്രിവൺ സെൻട്രലൈസ്ഡ് വേസ്റ്റ് മാനേജ്മെന്റ്" എന്ന പദ്ധതി നടപ്പാക്കി വരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷന്റെ സമഗ്ര മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും കേരളത്തിൽ പുതിയ ടൂറിസം സീസണെ വരവേൽക്കാനുള്ള ഒരുക്കത്തിന്റെ മുന്നോടിയായി വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനായി ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.